മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വയനാട് സുൽത്താൻബത്തേരി പോലീസ് സ്റ്റേഷന്റെ ഒരു ഭാഗത്ത്, 6 മീറ്ററോളം മാറി വർഷങ്ങളോളം പഴക്കമുള്ള ഒരു വടവൃക്ഷം നിൽപ്പുണ്ട്. അതിന്റെ ചുവട്ടിലും പരിസരത്തുമായി വർഷങ്ങളായി ചപ്പുചവറുകൾ ഇട്ടുവരുന്നതും വിറകു കഷണങ്ങൾ കൂട്ടിയിരിക്കുന്നതുമാണ്. 2-7-1999 ന് ഉദ്ദേശം 5 മണിയോടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആ ഭാഗത്ത് എന്തോ ഒരു സാധനം പൊട്ടിത്തെറിച്ചു. അപ്പോൾ സ്റ്റേഷനോടു ചേർന്ന് താൽക്കാലികമായി കെട്ടിയിരുന്ന ഓലഷെഡ് നശിച്ചുപോയി. സ്റ്റേഷനിലെ ജനൽ വാതിലുകളുടെ കണ്ണാടിച്ചില്ലുകൾ പൊട്ടിപ്പോയി. ഈ കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം ക്രൈം 286-ാം വകുപ്പു പ്രകാരം 273/99-ാം നമ്പരായി സുൽത്താൻബത്തേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. പൊട്ടിത്തെറിച്ച വസ്തു എന്താണെന്നുള്ളതിനെക്കുറിച്ച് വിദഗ്ദ്ധ പരിശോധന നടത്തി വരികയാണ്. ആയതിന്റെ ഫലം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നതാണ്. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിലേയ്ക്ക് മാനന്തവാടി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേസ് ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലാണ്.

(3) തൃശ്ശൂർ ജില്ലയിലെ ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കേരളത്തിൽ കളിമൺ വ്യവസായം നശിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് അഞ്ഞൂറോളം ഓടു കമ്പനികളിലായി മുപ്പതിനായിരത്തിലേറെ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഏറ്റവും കൂടുതൽ തൊഴിലാളികൾ ഉള്ളത് തൃശൂർ ജില്ലയിലാണ്. ഇവിടെ 350-ഓളം ഓട്ടു കമ്പനികളിലായി 13,000 തൊഴിലാളികൾ പണിയെടുക്കുന്നു. ഓടു വ്യവസായം ഉൽപാദന വിപണന മേഖലയിൽ വലിയ ഭീഷണി നേരിടുകയാണ്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുപ്പതോളം ഫാക്ടറികൾ അടുത്തകാലത്ത് തൃശ്ശൂർ ജില്ലയിൽ മാത്രം അടച്ചുപൂട്ടുകയും പൊളിച്ചുനീക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മയുള്ള കളിമണ്ണ് കിട്ടാത്തതുകൊണ്ടും കറണ്ട് ചാർജ്ജിന്റേയും വിറകിന്റേയും വില വിർദ്ധിച്ചതുകൊണ്ടും കമ്പനികൾ നടത്തിക്കൊണ്ട് പോകാൻ കഴിയുന്നില്ല. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് ഓട് ഉൽപന്നങ്ങൾ ധാരാളം കയറ്റി അയച്ചിരുന്നു. ഇപ്പോൾ തമിഴ്നാട്ടിലും കർണാടകയിലും മാത്രമാണ് മേച്ചിൽ ഓടിന് ചെലവുള്ളത്. കേരളത്തിലെ ഈ പരമ്പരാഗത വ്യവസായത്തെ സർക്കാർ സംരക്ഷിക്കണം. കറണ്ടും വിറകും വില കുറച്ചു കൊടുക്കണം. സുലഭമായി കളിമണ്ണ് കിട്ടുന്നതിന് സൗകര്യമുണ്ടാക്കണം. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് കളിമണ്ണ് എടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള റോയൽറ്റി ഒഴിവാക്കിക്കൊടുക്കണം. ഓട് കമ്പനികൾ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകണം. വ്യവസായ വകുപ്പിൽനിന്നും ഇതിന് ആവശ്യമായ ഗ്രാന്റും പ്രോൽസാഹനവും നൽകണം. കോടിക്കണക്കിന് ഓട് കെട്ടിക്കിടക്കുകയാണ്. സർക്കാരിന്റെ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

ഭവനനിർമ്മാണ പദ്ധതികളിൽ ആധുനിക രീതിയിലുള്ള മേച്ചിൽ ഓടുകളും അലങ്കാര ഓടുകളും ഇഷ്ടികകളും ഉപയോഗിക്കുന്നതിന് നിർബന്ധിക്കണം. കളിമണ്ണ് എടുക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കി ഓട്ടു കമ്പനികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്രത്യേക നിരീക്ഷണ കമ്മിറ്റികൾ ഉണ്ടാക്കണം. കൃഷിക്കാർക്കും തൊഴിലാളികൾക്കും ഒരുപോലെ ഗുണകരമായ വിധത്തിൽ പ്രവർത്തിക്കുന്നതിന് വ്യവസായ വകുപ്പ് മുന്നിട്ട് പ്രവർത്തിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ, ഓടു വ്യവസായം നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളെപ്പറ്റിയും പ്രതിസന്ധികളെക്കുറിച്ചും സമഗ്രമായ പഠനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ശ്രീമാൻ കെ. ചന്ദ്രശേഖരൻ നായർ കൺവീനർ ആയി ഒരു വിദഗ്ദ്ധ സമിതിയെ ഇതിനായി നിയമിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓടു വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഓടുവ്യവസായം നേരിടുന്ന പ്രധാന പ്രശ്നം, അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ അഭാവമാണ്. ഇതിനായി ലാൻഡ് യൂട്ടിലൈസേഷൻ നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതുവരെ ഓരോ മേഖലയിലും ബന്ധപ്പെട്ട ആർ. ഡി. ഒ. തഹസിൽദാർ, പഞ്ചായത്തു പ്രസിഡന്റ്, മൈനിംഗ് ആന്റി ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ പ്രാദേശികതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച്, കൃഷിക്കും പരിസ്ഥിതിക്കും ദോഷം വരാതെ കളിമണ്ണ് ശേഖരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഓടു വ്യവസായ രംഗത്ത് നിലവിലുള്ള പഴയ സാങ്കേതിക വിദ്യയും മെഷിനറിയും ചൂളയും മാറ്റി ഉൽപാദനച്ചെലവ് കുറയ്ക്കാൻ ഇന്ധനക്ഷമത കൂടിയതും ആധുനിക യന്ത്രസാമഗ്രികളും ചൂളകളും സ്ഥാപിക്കാൻ നടപടി എടുത്തുവരുന്നു. ഓടു വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കാൻ ആവശ്യമായ ഗവേഷണ വികസന യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളുന്നതിന് ഈ മേഖലയെ വൈവിധ്യവൽക്കരിച്ച് ഉന്നതമൂല്യം വർദ്ധനവുള്ളതും നവീനവുമായ ഓടുകളും ഉൽപന്നങ്ങളും ഉണ്ടാക്കി കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഓടുവ്യവസായ രംഗത്ത് ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനും ആവശ്യമായ സാങ്കേതിക വിദ്യ പകർന്നു കൊടുക്കുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും റീജിയണൽ റിസർച്ച് ലബോറട്ടറിയുടേയും വ്യവസായ വകുപ്പിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തൊഴിലാളികളേയും വ്യവസായികളേയും ഈ കാര്യത്തിൽ ബോധവൽക്കരിക്കാനായി ടെക്നോളജി ക്ലീനിക്കുകളും ക്ലാസ്സുകളും സംഘടിപ്പിക്കാൻ വേണ്ടി പരിപാടിയിട്ടിട്ടുണ്ട്. ഇതിനുപുറമെ ഇവയുടെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിനും ഗുണമേന്മാ വർദ്ധനവിനുമായി ഉൽപാദന-വിപണന മേഖലകളിൽ കൂടുതൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

955/2010

LIBRARY ARCHIVES Kerala Legislative Assembly